(സി) ഇതുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എത്ര അംഗങ്ങളുണ്ട്; അവർക്ക് പ്രസ്തുത മേഖലയുമായുള്ള ബന്ധവും പരിജ്ഞാനവും വിശദീകരിക്കാമോ;

(ഡി) പഠനകേന്ദ്രം പൂർണ്ണതോതിൽ എന്നുമുതൽ പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) സ്ഥലം വാങ്ങിയിട്ടില്ല. സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള പ്രാരംഭ ചെലവുകൾക്കായി പതിനഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 12 അംഗങ്ങളാണ്. ശ്രീനാരായണ ഗുരുദേവന്റെ ആദർശങ്ങളും അദ്ദേഹം ഉദ്ഘോഷിച്ച തത്ത്വസംഹിതകളുമായി അഭേദ്യമായി ബന്ധമുള്ള പൊതുപ്രവർത്തകരാണ് പഠന കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലുള്ളത്.

(ഡി) എത്രയും പെട്ടെന്ന് പ്രവർത്തനം തുടങ്ങുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

മഹദ് വ്യക്തികൾക്ക് സ്മാരകം

167 [172] ശ്രീ. ഡി. സുഗതൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധീനതയിൽ സാഹിത്യ-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹദ് വ്യക്തികളുടെ ഏതെല്ലാം സ്മാരകങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്മാരകങ്ങൾ എന്ന് എവിടെ സ്ഥാപിച്ചുവെന്നും, ആയതിന് എന്ത് തുക സർക്കാർ ചെലവഴിച്ചുവെന്നും ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത സ്മാരകങ്ങൾക്ക് ഓരോന്നിനും വേണ്ടി സർക്കാർ എത്ര സ്ഥലം വിലയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ അധീനതയിൽ താഴെ വിവരിക്കുന്ന സ്മാരകങ്ങൾ മഹദ് വ്യക്തികളുടെ നാമധേയത്തിൽ ഉണ്ട്.

1. വേലുതമ്പി ദളവ സ്മാരകം—മണ്ണടി
2. തകഴി സ്മാരകം—ആലപ്പുഴ
3. കുഞ്ഞാലിമരയ്ക്കാർ സ്മാരകം—കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

4. കുമാരനാശാൻ സ്മാരകം—തോന്നയ്ക്കൽ
5. കുഞ്ചൻ നമ്പ്യാർ സ്മാരകം—കിള്ളിക്കുറിശ്ശിമംഗലം
6. കുഞ്ചൻ നമ്പ്യാർ സ്മാരകം—അമ്പലപ്പുഴ
7. ഗുരുഗോപിനാഥ് നടന ഗ്രാമം—വട്ടിയൂർക്കാവ്
8. മുലൂർ സ്മാരകം—ഇലവുംതിട്ട, പത്തനംതിട്ട
9. ഗോവിന്ദ പൈ സ്മാരകം—കാസറഗോഡ്
10. എ. ആർ. രാജരാജവർമ്മ സ്മാരകം—മാവേലിക്കര
11. മൊയിൻകുട്ടി വൈദ്യർ സ്മാരകം—കൊണ്ടോട്ടി
12. അപ്പൻ തമ്പുരാൻ സ്മാരകം—തൃശ്ശൂർ
13. ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി & പിൽഗ്രിം സെന്റർ—ചെമ്പഴന്തി

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യ സമര ചരിത്രം സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുവാൻ നടപടി

168 [173] ശ്രീ. കെ. മോഹൻകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സമ്പൂർണ്ണ സ്വാതന്ത്ര്യ സമര ചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു കാലഘട്ടം വരെയുള്ള ചരിത്ര സംഭവങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തുടർന്നുള്ള സ്വാതന്ത്ര്യ സമര ചരിത്രം പ്രസിദ്ധീകരിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വാതന്ത്ര്യ സമര ചരിത്രം സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ഇ) ഭാവി തലമുറയ്ക്ക് സ്വാതന്ത്ര്യ സമര സ്മരണകൾ പകർന്നു നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 2004-05-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കാനുള്ള ശ്രമം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ജി) സ്വാതന്ത്ര്യ സമര ചരിത്ര ഗ്രന്ഥങ്ങൾ പുനഃപ്രകാശനം ചെയ്യാനും എല്ലാ സ്കൂൾ കോളേജ് പബ്ലിക് ലൈബ്രറികളിലും പ്രസ്തുത ഗ്രന്ഥങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly